21 വെള്ളി
നവംബർ 2025
പേജ് 6
ചാരമംഗലം

# WRITE CLICK

ഗവ. ഡി. വി. എച്ച്. എസ്. എസ്. ചാരമംഗലം

Perfection in School Life

An initiative of little KITEs Unit

പേജ് 01

Vol - 01 | Issue 01 | Charamangalam | Mayithara | Puthanambalam | Kanjikkuzhi | Muhamma

# വീണ്ടും പ്രതാപ കാലത്തേക്ക്

ഈ വർഷത്തെ സംസ്ഥാന സ്കൂൾ ഒളിംമ്പിക്സിൽ സംസ്ഥാനത്തിലെ സ്കൂൾ പോയിന്റ് നിലയിൽ 9-ാം സ്ഥാനം കരസ്ഥമാക്കി ആലപ്പുഴ ജില്ലയിൽ ഒന്നാം സ്ഥാനവും നേടി. കേരള സ്കൂൾ അത്‌ലറ്റിക് മീറ്റ് 2025 ലെ വേഗതാരമായി അതുൽ റ്റി. എം 100 മീറ്ററിലും 200 മീറ്ററിലും റെക്കോർഡോടെ സ്വർണ്ണം നേടി. സംസ്ഥാന സ്കൂൾ കായിക മേളയിലെ ജൂനിയർ ആൺകുട്ടികളുടെ 100 മീറ്റർ സ്പ്രിന്റിൽ സ്വർണ്ണം നേടിയ അതുൽ തകർത്തത് 37 വർഷം മുൻപത്തെ റെക്കോർഡാണ്. അനാമിക അജേഷ് 100 മീറ്റർ ഹർഡിൽസിൽ സ്വർണ്ണവും 4 x 100 മീറ്റർ റിലേയ്ക്ക് വെള്ളിയും നേടി. നവ്യ വി ജെ 400 മീറ്റർ റേസിൽ സ്വർണ്ണവും 4 x 100 റിലേയ്ക്ക് വെങ്കലവും നേടി. ഗൗരി അക്ബർ 4 x 100 റിലേയ്ക്ക് വെങ്കലവും നേടി ആലപ്പുഴയുടെ മെഡൽ പട്ടിക ചലിപ്പിച്ചു. അതുൽ റ്റി എം , അനാമിക അജേഷ് , ഗൗരി അക്ബർ, നവ്യ വി ജെ, അർജുൻ സാജൻ, നിയതി സജീവൻ , അഡിൻ ഉല്ലാസ് , അബിഷേക് പി, അഭിനന്ദ് ഷാജി, അഖിൽ റ്റി.എ , ശബരിനാഥ്, ആദർശ് കെ പി, അനന്തകൃഷ്ണൻ തുടങ്ങി പതിമൂന്ന് പേർ സംസ്ഥാന മത്സരത്തിൽ ജില്ലയിൽ നിന്നും യോഗ്യത നേടി.





## ജൂനിയർ ആൺകുട്ടികളുടെ 100 മീറ്ററിൽ 37 വർഷം പഴക്കമുള്ള മീറ്റ് റെക്കോർഡ് തകർത്ത്

സ്വർണ്ണം നേടിയ **അതുൽ റ്റി. എം**

## ദേശീയ സംസ്ഥാന അത്‌ലറ്റിക് മീറ്റിൽ റെക്കോർഡോടെ സ്വർണ്ണം

**അണ്ടർ 16 പെൺകുട്ടികളുടെ പെന്റാത്‌ലനിൽ ദേശിയ റെക്കോർഡോടെ സ്വർണ്ണം നേടിയ അനാമിക അജേഷ്**



**നവ്യ വി.ജെ.**
400 മീറ്റർറേസിൽ സ്വർണ്ണം
4X100മീറ്റർ റിലേയ്ക്ക് വെങ്കലം



**ഗൗരി അക്ബർ**
4X100
റിലേയ്ക്ക്
വെങ്കലം

## പ്രേരണയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സുഹൃത്ത് ഹരിലാൽ



പ്രേരണ എന്നത് രാജ്യത്തെ യുവാക്കളെ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് രൂപകല്പന ചെയ്ത ഒരാഴ്ച നീണ്ടുനിൽക്കുന്ന അനുഭവാധിഷ്ഠിത പഠന പരിപാടിയാണ്. രാജ്യത്തെ എല്ലാ ജില്ലകളെയും ഉൾപ്പെടുത്തി, ഓരോ ഘട്ടത്തിലും 10 ജില്ലകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 20 വിദ്യാർത്ഥികൾക്ക് ഈ പരിപാടിയിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കുന്നു. കേരളത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട രണ്ട് വിദ്യാർത്ഥികളിൽ ഒരാളാണ് ഗവ. ഡി വി എച്ച് എസ് എസ് ചാരമംഗലം സ്കൂളിലെ +2 വിദ്യാർത്ഥിയായ സുഹൃത്ത് ഹരിലാൽ

## ലിറ്റിൽകൈറ്റ്സ് സംസ്ഥാനതല പങ്കാളിത്തം



2025 ഫെബ്രുവരി 8, 9 തീയതികളിൽ CFOSS, തിരുവനന്തപുരത്ത് വെച്ച് നടന്ന സംസ്ഥാന തല ആനിമേഷൻക്യാമ്പിൽ പങ്കെടുത്ത ബാലഗോപാൽ എം. ബി.

## മികവുകൾ സംസ്ഥാന തലത്തിലേയ്ക്ക്



സംസ്ഥാന സ്കൂൾ പ്രവർത്തിപരിചയമേളയിൽ ഹയർ സെക്കന്ററി വിഭാഗം വുഡ്കാർവിങ്ങിൽ നാലാം സ്ഥാനവും A grade നേടിയ വിവേക് വിനോദ്

## സംസ്ഥാന ലീഗൽ ക്വിസ് വിജയം



എറണാകുളം ഹൈക്കോടതി സമുച്ചയത്തിൽ വെച്ച് നടന്ന കേരള ലീഗൽ സർവീസ് അതോറിറ്റി യുടെ ലീഗൽ ക്വിസ് സംസ്ഥാന തല മത്സരത്തിൽ വിജയികളായി. ഭഗത് കൃഷ്ണ, ദേവദത്തൻ, സുഹൃത്ത് ഹരിലാൽ എന്നിവർ സ്കൂളിന് വേണ്ടി പങ്കെടുത്തു

## ജില്ലയിലെ മികച്ച രണ്ടാമത്തെ ലിറ്റിൽകൈറ്റ്സ് യൂണിറ്റ്




ലിറ്റിൽകൈറ്റ്സ് യൂണിറ്റുകൾക്കുവേണ്ടി സംസ്ഥാന തലത്തിൽ നടത്തിയ മത്സരത്തിൽ ജില്ലയിൽ ഗവ. ഡി.വി.എച്ച് എസ് എസ്, ചാരമംഗലം സ്കൂൾ രണ്ടാമതായി തിരഞ്ഞെടുക്കപ്പെട്ടു. 6/7/24 ശനിയാഴ്ച 3 മണിക്ക് തിരുവനന്തപുരം നിയമസഭ മന്ദിരം ശ്രീ ശങ്കരനാരായണൻ തമ്പി ഹാളിൽ വെച്ച് മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ ശിവൻകുട്ടിയിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി. ഭിന്നശേഷി കുട്ടികൾക്കുള്ള കമ്പ്യൂട്ടർ പരിശീലനം, ഐ.റ്റി കോർണർ ഡിസ്പ്ലെ , അമ്മമാർക്കുള്ള കമ്പ്യൂട്ടർ പരിശീലനം - തുടങ്ങി സാമൂഹിക പ്രതിബദ്ധതയോടെ നിരവധി പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചത്.സ്കൂളിൽ നിന്നും എച്ച് എം ഇൻ ചാർജ്ജ് ശ്രീമതി നിഷ , കൈറ്റ് മാസ്റ്റർ ശ്രീ ഷാജി പി.ജെ , കൈറ്റ് മിസ്ട്രസ് ശ്രീമതി. വിജു പ്രിയ വി. എസ്, രണ്ട് ബാച്ചിലേയും ലീഡേഴ്സായ പ്രാൺജിത്ത്, അദ്വൈത് എസ് ദിവാകർ ഡെപ്യൂട്ടി ലിഡേഴ്സായ അമൃത എസ്, ബിസ എന്നിവർ അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്തു.




**ഹയർ സെക്കന്ററി പരീക്ഷയിൽഎല്ലാ വിഷയങ്ങൾക്കും A+ കരസ്ഥമാക്കിയ വിദ്യാർത്ഥികൾ**




**SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ കരസ്ഥമാക്കിയ വിദ്യാർത്ഥികൾ**






# യു. എസ്. എസ്. സ്കോളർഷിപ്പിൽ മിന്നും പ്രകടനം



ചാരമംഗലം: കേരള പരീക്ഷാഭവൻ നടത്തിയ യു.എസ്.എസ് (അപ്പർ സെക്കന്ററി സ്കോളർഷിപ്പ്) പരീക്ഷയിൽ ചാരമംഗലം ഗവൺമെന്റ് ഡി.വി.എച്ച്.എസ്.എസ് തിളക്കമാർന്ന വിജയം നേടി. ഏഴാം ക്ലാസ്സിലെ മിടുക്കരായ 13 വിദ്യാർത്ഥികളാണ് സ്കൂളിന് ഈ അഭിമാനകരമായ നേട്ടം സമ്മാനിച്ചത്. മികച്ച അക്കാദമിക് നിലവാരവും, അധ്യാപകരുടെ സമർപ്പിത പരിശീലനവും ഈ കൂട്ട വിജയത്തിന് കാരണമായി.

# എസ് എസ് എൽ സി സപ്തദിന പഠനക്യാമ്പ്



എസ്എസ്എൽസി കുട്ടികളുടെ വിജയനിലവാരം ഉയർത്തുക എന്ന ലക്ഷ്യവുമായി കഴിഞ്ഞ ഒൻപതുവർഷമായി നടത്തിവരുന്ന എസ്എസ്എൽസി പഠനക്യാമ്പ് എല്ലവർഷവും ചാരമംഗലം സ്കൂളിൽ ഫെബ്രുവരിമാസത്തിൽ നടന്നുവരുന്നു. 7പഠനദിവസങ്ങൾ, 7 മുറികൾ, ദിവസവും നാലു പരീക്ഷകൾ-നാലാമത്തെ പരീക്ഷ ആനുവൽ പരീക്ഷ മോഡലിൽ വീട്ടിൽ വച്ച് എഴുതുകയും രക്ഷിതാക്കൾ ഇൻവിജിലേറ്റർ മാരായി പരീക്ഷയ്ക്ക് മേൽനോട്ടം വഹിക്കുന്നു. ഇങ്ങനെ എഴുതപ്പെടുന്ന ഉത്തര കടലാസ്സുകൾ അടുത്ത ദിനം രാവിലെ സ്കൂളിൽ തിരികെ ഏൽപ്പിക്കുകയും അധ്യാപകർ അവ മൂല്യനിർണയം നടത്തി തിരികെ ഏൽപ്പിക്കുകയും ചെയ്യുന്നു . ഓരോ ദിവസവും ക്യാമ്പിനു ശേഷം 6:30 ന് ഹെഡ്മാസ്റ്റർ ദിവസത്തിന്റെ ഫീഡ്ബാക്ക് ആരായുന്നു. ക്യാമ്പ് സമാപനത്തോടനുബന്ധിച്ച് നടന്ന യോഗത്തിൽ കുട്ടികൾ ക്യാമ്പ് അനുഭവങ്ങൾ പങ്കുവെക്കുന്നു. ത്രിതല പ്രതിനിധികൾ, വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, സ്കൂളിന്റെഅഭ്യുദയകാംക്ഷികൾക്യാമ്പ്ദിവസങ്ങളിൽസ്കൂൾസന്ദർശിക്കാറുണ്ട്. ശക്തമായ പിടിഎ സഹകരണവും മറ്റെല്ലാവരുടെയും സഹകരണവും ഒന്നുകൊണ്ട് മാത്രമാണ് ഈ ക്യാമ്പ് പ്രതി വർഷം മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുന്നത്.

## സമഗ്ര വികസനത്തിന് ശക്തമായ പി ടി എ പിന്തുണ

ഗവൺമെന്റ് ഡി.വി.എച്ച്.എസ്. എസ്. ചാരമംഗലം സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ വികസനത്തിൽ നിർണ്ണായക പങ്ക് വഹിച്ചുകൊണ്ട് പിടിഎ (രക്ഷാകർതൃ-അധ്യാപക സമിതി) എക്സിക്യൂട്ടീവ് കമ്മിറ്റി മാതൃകയാകുന്നു. സ്കൂൾ അധികൃതരുടെയും വിദ്യാർത്ഥികളുടെയും പൂർണ്ണ പിന്തുണയോടെ നടപ്പിലാക്കിയ നിരവധി പദ്ധതികളാണ് കമ്മിറ്റിയെ ശ്രദ്ധേയമാക്കിയത്. ശ്രീ എം ടി ഗിരിപ്രസാദ് പ്രസിഡന്റും ശ്രീമതി രശ്മി കെ (പ്രിൻസിപ്പൽ) എന്നിവരുടെ നേതൃത്വത്തിലുള്ള പിടിഎ കമ്മറ്റിയാണ് ഇപ്പോൾ നിലവിലുള്ളത്

## ഇംഗ്ലീഷ് ലീഗ്



ഈ വർഷത്തെ സ്കൂൾ ഇംഗ്ലീഷ് ക്ലബ്ബ് (ഇംഗ്ലീഷ് ലീഗ്) ജൂലൈ 3 രാവിലെ 11 മണിക്ക് ഹെഡ്മിസ്ട്രസ് ശ്രീമതി മിനി പി ഐ കമ്പ്യൂട്ടറിൽ ലാബിൽ വച്ച് ഉദ്ഘാടനം ചെയ്തു. ക്ലബ്ബിന്റെ ലോഗോ മീറ്റിംഗിൽ പ്രകാശനം ചെയ്തു. ഉദ്ഘാടന യോഗത്തിൽ ക്ലബ്ബംഗങ്ങൾക്കായി ടങ് ട്വിസ്റ്റേഴ്സ് പ്രദർശിപ്പിച്ച് പറയിപ്പിക്കുകയുണ്ടായി.

## ബണ്ണി, കബ്ബ് & ബുൾ ബുൾ യൂണിറ്റ്



സ്ക്കൗട്ട് ആന്റ് ഗൈഡിന്റെ ആദ്യപടിയാണ് ബണ്ണി ഗ്രൂപ്പ്. സ്ക്കൗട്ട് ആന്റ് ഗൈഡിന്റെ ചേർത്തലയിൽ വെച്ച് നടത്താറുള്ള ബണ്ണി ഗാതറിംങ് പരിപാടിയിൽ നമ്മുടെ കുഞ്ഞുങ്ങളെ പങ്കെടുപ്പിക്കുന്നതിനും സമ്മാനങ്ങൾ നേടുന്നതിനും സാധിച്ചിട്ടുണ്ട്. എൽ. പി. വിഭാഗം കുട്ടികൾക്ക് വേണ്ടി നമ്മുടെ സ്കൂളിൽ കബ്ബ് & ബുൾ ബുൾ യൂണിറ്റും പ്രവർത്തിക്കുന്നു.

# എൽ.എസ്.എസ്. സ്കോളർഷിപ്പിൽ അഭിമാനത്തിളക്കം



ചാരമംഗലം: കേരള പരീക്ഷാഭവൻ നടത്തിയ എൽ.എസ്.എസ് (ലോവർ സെക്കന്ററി സ്കോളർഷിപ്പ്) പരീക്ഷയിൽ ചാരമംഗലം ഗവൺമെന്റ് ഡി.വി.എച്ച്.എസ്.എസ് ഉജ്ജ്വല വിജയം കരസ്ഥമാക്കി. നാലാം ക്ലാസ്സിലെ മിടുക്കരായ 7 വിദ്യാർത്ഥികളാണ് സ്കൂളിന് അഭിമാനമായ ഈ നേട്ടം സ്വന്തമാക്കിയത്. മികച്ച അക്കാദമിക് നിലവാരവും ചിട്ടയായ പരിശീലനവും ഈ വിജയത്തിന് പിന്നിലുണ്ടെന്ന് സ്കൂൾ അധികൃതർ അറിയിച്ചു. എൽ.എസ്.എസ്. സ്കോളർഷിപ്പ് നേടുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സ്കോളർഷിപ്പ് കുട്ടികളുടെ തുടർപഠനത്തിന് വലിയ പ്രോത്സാഹനമാകും. ഈ നേട്ടം സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്ക്പഠനത്തിൽകൂടുതൽശ്രദ്ധ കേന്ദ്രീകരിക്കാൻ പ്രചോദനമാകുമെന്നും സ്കൂൾ അധികൃതർ കൂട്ടിച്ചേർത്തു.

# എൻ എം എം എസ് സ്കോളർഷിപ്പിൽ 3 വർഷമായി വിജയക്കുതിപ്പ് തുടരുന്നു




2024-25 അധ്യയന വർഷത്തിലെ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (NMMS) പരീക്ഷയിൽ ഗവൺമെന്റ് ഡി.വി. എച്ച്.എസ്.എസ് ചാരമംഗലം മികച്ച വിജയം നേടി. കഠിനാധ്വാനത്തിലൂടെയും മികച്ച പരിശീലനത്തിലൂടെയും നിരവധി വിദ്യാർത്ഥികളാണ് ഈ അഭിമാനകരമായ നേട്ടം സ്വന്തമാക്കിയത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ നൽകുന്ന ഈ സ്കോളർഷിപ്പ് പരീക്ഷയിൽ ഗവ. ഡി.വി.എച്ച്.എസ്.എസ്സിലെ 8-ാം ക്ലാസ്സിലെ 6 വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അർഹരായി. വിജയിച്ച കുട്ടികളെയും അതിന് പിന്നിൽ പ്രവർത്തിച്ച അധ്യാപകരെയും സ്കൂൾ അധികൃതരും പിടിഎയും അഭിനന്ദനമറിയിച്ചു. വിജയിച്ച ഓരോ വിദ്യാർത്ഥിക്കും 9-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ പ്രതിവർഷം ₹12,000/- വീതം സ്കോളർഷിപ്പ് ലഭിക്കും. ഇത് അവരുടെ തുടർ വിദ്യാഭ്യാസത്തിന് വലിയ മുതൽക്കൂട്ടാകും. ഈ നേട്ടം മറ്റ് വിദ്യാർത്ഥികൾക്ക് പ്രചോദനമാകുമെന്നും സ്കൂൾ അധികൃതർ പ്രത്യാശ പ്രകടിപ്പിച്ചു. വിജയികൾക്ക് സ്കൂളിൽ വെച്ച് പ്രത്യേക അനുമോദന ചടങ്ങ് സംഘടിപ്പിച്ചു.

# നോളജ് ഹണ്ടർ



പൊതുവിജ്ഞാനത്തിന്റെ ചെപ്പ് തുറക്കുന്ന പദ്ധതിയാണിത്. അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികളാണ് ഇതിൽ പങ്കാളികൾ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഷാജി സാറാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പ്രാഥമിക മത്സരം മുതൽ ഫൈനൽ മത്സരം വരെയുള്ള അനവധി റൗണ്ടുകളാണ് ഈ മത്സരങ്ങളിലുള്ളത്. കുട്ടികളെ കൂടുതൽ മത്സര പരീക്ഷകളിൽ പങ്കെടുപ്പിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനും അവർക്ക് ആത്മവിശ്വാസവും നൽകുന്നതിനായി സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തപെടുന്ന ഒരു വിജ്ഞാന-വിനോദ പരിപാടിയാണിത് .ജൂൺ മാസം മുതൽ ചൊവാഴ്ചയും നടക്കുന്ന യോഗ്യതാ റൗണ്ട് മത്സരത്തിൽ നിന്ന് യു പി,എച്ച് എസിൽ നിന്ന് ഫസ്റ്റ് ലഭിക്കുന്ന 50 പേരെ തിരഞ്ഞെടുക്കുന്നു. നോളിജ് ഹണ്ടർ വാട്സാപ്പ് ഗ്രൂപ്പിലുടെ നിരന്തര പരിശീലനം നൽകുന്നു. യു പി വിഭാഗം മുതൽ ഹൈസ്ക്കൂൾ വരെയുള്ള 390 വിദ്യാർഥികൾ ഈ ഗ്രൂപ്പിലംഗമാണ്. നോളജ് ഹണ്ടർ എന്ന പേരിൽ നടത്തുന്ന ഈ പ്രോഗ്രാമിൽ കേരള ത്തിന്റെ ചരിത്രം , ഭൂമിശാസ്ത്രം സാഹിത്യം സിനിമ രാഷ്ട്രീയ-സാമൂഹിക സാമ്പത്തികവും ആനുകാലികവുമായ എല്ലാം ഉൾക്കൊള്ളുന്ന സമ്പൂർണ്ണ ക്വിസാണിത് . തുടർന്ന് അവിടെ നടക്കുന്ന എലിമിനേഷൻ റൗണ്ട് കഴിഞ്ഞ് ഫൈനലിൽ 20 പേർ മാത്രം ഉൾക്കൊള്ളിച്ചു കൊണ്ട് ജനുവരി -ൽ ഗ്രാൻഡ് ഫൈനൽ നടത്തി ഡി വി എച്ച് എസ് എസ് നോളജ് ഹണ്ടർ, യുപി-എച്ച് എസ് തലങ്ങളിൽ 1, 2, 3 സ്ഥാനം നേടിയവർക്ക് സമ്മാനം നൽകുന്ന പരിപാടിയാണ് .





# ലിറ്റിൽകൈറ്റ്സ്





## റോബോട്ടിക് ഫെസ്റ്റ്

ഗവ. ഡി വി എച്ച് എസ് എസ്, ചാരമംഗലം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ റോബോട്ടിക് ഫെസ്റ്റും ലിറ്റിൽ കൈറ്റ്സ് മികവുത്സവവും ശ്രീ. എ. ടി ഗിരിപ്രസാദിന്റെ അദ്ധ്യക്ഷതയിൽ ശ്രീമതി. നിഷ (എച്ച് എം ഇൻ ചാർജ്ജ്) രാവിലെ 10 ന് ഉദ്ഘാടനം ചെയ്തു. കൈറ്റിൽ നിന്നും ലഭ്യമായ അർഡിനോ കിറ്റ് ഉപയോഗപ്പെടുത്തി എൽ കെ റോബോട്ട്, ആട്ടോമാറ്റിക്ക് ടോൾ ഗേറ്റ്, തീ - വെള്ളപൊക്കം -അന്യവസ്തുൾ - മൃഗങ്ങൾ എന്നിവയുടെ സാന്നിദ്ധ്യമറിയിക്കുന്ന ബസറുകൾ - ഓട്ടോമാറ്റിക് ക്ലോത്ത് ഡ്രയർ, സിഗ്നൽ ലൈറ്റ്, ഓട്ടോമാറ്റിക് വേസ്റ്റ് ബിൻ, ഗെയിം സോണിൽ ആട്ടോമാറ്റിക് ഡയസ് , റോബോ ഹെൻ- എ ഐയുടെ പ്രവർത്തനം മനസ്സിലാക്കുവാൻ ഫേസ് തിരിച്ചറിയൽ വിവിധ ആപ്പുകൾ കൂടാതെ വിവിധ അനിമേഷൻ വീഡിയോ, ഷോർട്ട് ഫിലും , വിവിധ പോസ്റ്റർ രചനകൾ എന്നിവയുടെ പ്രദർശനം രാവിലെ 10. മണി മുതൽ 4.3 വരെ കെ ജി മുതൽ ഹൈസ്കൂൾ വിഭാഗ വരെയുള്ള വിദ്യാർത്ഥികൾ,ടീച്ചേഴ്സ് , രക്ഷിതാക്കൾ എന്നിവർ അഭിപ്രായങ്ങൾ പങ്കുവെച്ചു. അദ്വൈത് എസ് ദിവാകർ, ബാലഗോപാൽ, ഗൗരിജിത്ത്, അനന്തകൃഷ്ണൻ എസ്, പ്രയാഗ് പി , സാന്ദ്ര എസ്, മിത്ര കൃഷ്ണ,അഭിനവ് ചന്ദ്രൻ, ഹാരിക, വൈശാഖ് ,ബിസ, ശ്രീമതി. വിജുപ്രിയ (കൈറ്റ് മിസ്ട്രസ്) ശ്രീ ഷാജി പി. ജെ (കൈറ്റ് മാസ്റ്റർ) എന്നിവർ ഈ പ്രദർശനത്തിന് നേതൃത്വം നൽകി.

## ഡിജി ഫിറ്റ് പ്രോഗ്രാം



സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ യു പി ക്ലാസിലെ മുപ്പതോളം വിദ്യാർത്ഥികൾക്കായി എല്ലാ മാസവും നടത്തിവരുന്ന കമ്പ്യുട്ടർ പരിശീലപരിപാടി ഈ മാസം 15 ന് നൽകിയത് 2023-26 ബാച്ചിലെ തെരഞ്ഞെടുക്കപ്പെട്ട 9 സ്റ്റുഡെന്റ് ആർ പി മാരാണ്. വിദ്യാർത്ഥികൾ തങ്ങൾക്കു ലഭിച്ച അറിവ് മറ്റുള്ളവർക്ക് പകർന്നു നൽകുന്നു.ലിബറെ ഓഫീസർ റൈറ്റർ ഉപയോഗിച്ച് ടെക്സ്റ്റ് ഫോർമാറ്റിംങ്, മലയാളം ടൈപ്പിംങ് ക്ലാസുകൾ മാസ്റ്റർ അദ്വൈവത് എസ് ദിവാകർ കൈകാര്യം ചെയ്തു.അഭിനവ് ചന്ദ്രൻ,ബിസ റിയാ,മേഖ, പാർത്ഥിപൻ പി,ഗൗരിജിത്ത്,ഇമ്മാനുവേൽ ജോസ്,അജയ് കൃഷ്ണ തുടങ്ങി വിദ്യാർഥികൾ ക്ലാസിൽ സഹായിച്ചു.കൈറ്റ് മാസ്റ്റർ ശ്രീ . ഷാജി പി ജെ.കൈറ്റ് മിസ്ട്രസ് ശ്രീമതി.വിജുപ്രിയ വി എസ് എന്നിവർ ക്ലാസ് മോണിട്ടർ ചെയ്തു.

## സംസ്ഥാനതല ശബരീഷ് സ്മാരക സ്കൂൾ വിക്കി അപ്ഡേഷൻ മത്സര വിജയി



സംസ്ഥാനതല ശബരി സ്മാരക സ്കൂൾ വിക്കി അപ്ഡേഷൻ മത്സരത്തിൽ ജില്ലയിൽ ഗവ. ഡി വി എച്ച് എസ് എസ് , ചാരമംഗലം സ്കൂൾ ഒന്നാം സമ്മാനമായ 25000/- രൂപയും പ്രശസ്തിപത്രവും ബഹു. വിദ്യാഭ്യാസം - തൊഴിൽ വകുപ്പ് മന്ത്രി ശ്രീ വി.ശിവൻ കുട്ടിയിൽ നിന്നും കരസ്ഥമാക്കിയിരിക്കുന്നു. ആർ. ശങ്കരനാരായണൻ തമ്പി ഹാൾ നിയമസഭാ സമുച്ചയം, തിരുവനന്തപുരത്ത് വച്ച് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ നിയമ സഭ സ്പീക്കർ ബഹു. ശ്രീ എം ബി രാജേഷ് ഉദ്ഘാടനം ചെയ്തു. , ഗതാഗത വകുപ്പ് മന്ത്രി ശ്രീ ആന്റണി രാജു മുഖ്യ അതിഥിയായിരുന്നു.കൈറ്റ് സി. ഒ ശ്രീ അൻവർ സാദത്ത്, പൊതു വിദ്യാഭ്യാസ ഡയറക്ടർ ശ്രീ ജീവൻ ബാബു , എന്നിവർ സന്നിഹിതരായിരുന്നു.സ്ക്കൂളിൽ നിന്ന് സമ്മാനം ഏറ്റുവാങ്ങുന്നതിനായി പ്രിൻസിപ്പൽ ശ്രീമതി രശ്മി കെ, PTAപ്രസിഡന്റ് ശ്രീ പി.അക്ബർ, കൈറ്റ് മാസ്റ്റർ ശ്രീ ഷാജി പി ജെ,കൈറ്റ് മിസ്ട്രസ് ശ്രീമതി വിജുപ്രിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വർഷ എ (X B), സേതുലക്ഷ്മി എ.പി (X C),ആകാശ് എ (X A ), യാദവ് കൃഷ്ണ (X D ), ദേവദത്തന വി (X B) എന്നിവർ പങ്കെടുത്തു.

## ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ പരിശീലന ക്ലാസ്



ഭിന്ന ശേഷി വിദ്യാർഥികൾക്ക് ഗവ. ഡി വി എച്ച് എസ് എസ് ചാരമംഗലം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നൽകുന്ന ഈ വർഷത്തെ കമ്പ്യൂട്ടർ പരിശീലന ക്ലാസിന്റെ ഉദ്ഘാടനം സ്കൂൾ ഹെഡ് മിട്രസ് ശ്രീമതി. മിനി ടീച്ചർ 13/8/25 ന് 2 pm ന് നിർവ്വഹിച്ചു. സ്കൂളിലെ 15 ഓളം ഭിന്നശേഷി വിദ്യാർഥികൾക്ക് 2024-27 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിമൽസാദ്, മാധവ് സുജിത്ത് എന്നിവർ ക്ലാസെടുത്തു. ട്രാഫിക്ക് ഗെയിം, ഡിജിറ്റൽ പെയിന്റിങ് എന്നിവയാണ് കുട്ടികളെ പരിശീലിപ്പിക്കുന്നത്. കൈറ്റ് മെന്റേഴ്സായ ശ്രീ ഷാജി പി. ജെ , വിജു പ്രിയ വി എസ് എന്നിവർ സന്നിഹിതരായിരുന്നു.

## സമഗ്ര പ്ലസ് -വിദ്യാർത്ഥികൾക്ക്



ലിറ്റിൽകൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഹൈസ്ക്കൂൾ വിഭാഗത്തിലെ വിദ്യാർഥികൾക്കായി സമഗ്ര പ്ലസിനെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് നൽകുകയുണ്ടായി. 2025-27 ലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങളായ മാധവ് സുജിത്ത് ,കാശിനാഥൻ , ഹാരിക, ശ്രീലക്ഷ്മി തുടങ്ങിയവർ ക്ലാസിന് നേതൃത്വം നൽകി. സമഗ്ര പ്ലസ് ൽ മൊബൈൽ ആപ് ഡൗവൻ ലോഡ് ചെയ്ത് ലോഗിൻ ചെയ്യാതെ തന്നെ കുട്ടികൾക്ക് സമഗ്ര പ്ലസിൽ നിന്നും ടെക്സ്റ്റ് ബുക്ക്, പഠന വിഭവങ്ങൾ , വീഡിയോ, ഓഡിയോ, ചിത്രങ്ങൾ, മോഡൽ ചോദ്യങ്ങൾ , ചോദ്യശേഖരം എന്നിവ കാണുവാനും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുവാനും സാധിക്കും

## സ്വതന്ത്ര സോഫ്റ്റ്വെയർ വാരാചരണം



ഗവൺമെന്റ് ഡി വി എച്ച് എസ് എസ് ചാരമംഗലം സ്കൂളിലെ ലിറ്റിൽകൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ സ്വതന്ത്ര സോഫ്റ്റ്വെയർ ദിനാചരണത്തിന്റെ ഭാഗമായി സ്പെഷ്യൽ അസംബ്ളി, ഫ്രീ സോഫ്റ്റ്വെയർ ഇൻസ്റ്റാലേഷൻ, ഐ റ്റി ക്വിസ്, 10-ാം ക്ലാസിനെ റോബോട്ടിക് കിറ്റ് പരിചയപ്പെടുത്തൽ, ഡിജിറ്റൽ പോസ്റ്റർ രചനാ മത്സരം, ഫ്രീ സോഫ്റ്റ്വെയർ ബോധവൽക്കര ക്ലാസ്, റീൽസ്നിർമ്മാണം തുടങ്ങിയവ സംഘടിപ്പിച്ചു

## സൈബർ സുരക്ഷാ ക്ലാസ്



ലിറ്റിൽകൈറ്റ്സ് 2024- 27 ബാച്ചിലെ കുട്ടികൾകളുടെ രക്ഷകർത്താക്കളുടെ യോഗവും 2024 ഓഗസ്റ്റ് 8 ന് സ്കൂൾ കമ്പ്യൂട്ടർ ലാബിൽ വെച്ച് നടന്നു. 3 pm ന് രക്ഷകർത്താക്കൾക്കുള്ള യോഗം ആരംഭിച്ചു. കെറ്റ് മാസ്റ്റർ ശ്രീ. ഷാജി പി ജെ സ്വാഗതം പറയുകയും തുടർന്ന് സജിത്ത് സാർ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളെക്കുറിച്ചും ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചും സൈബർ സുരക്ഷയേകുറിച്ചും രക്ഷകർത്താക്കൾക്ക് വിശദീകരിച്ചു നൽകി.പ്രസ്തുത മീറ്റിംഗിൽകൈറ്റ് മിസ്ട്രസ് ശ്രീമതി വിജുപ്രിയ നന്ദി പറഞ്ഞു 4. 30 ന് മീറ്റിംഗ് അവസാനിച്ചു.

## ഡിജിറ്റൽ മാഗസിൻ പ്രകാശനം



# സീഡ് ക്ലബ്ബ്

## പരിസ്ഥിതി ദിനാചരണം



പരിസ്ഥിതി ദിനാചരണത്തിന്റെ ലക്ഷ്യത്തേക്കുറിച്ചുംപ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയേക്കുറിച്ച് പറഞ്ഞു കൊണ്ട് പ്രധാനാധ്യാപിക ഇൻചാർജ് ആയ നിഷ ടീച്ചർ ഇലയില്ലാ മരച്ചില്ലയിൽ കയ്യൊപ്പ് ഇല പതിപ്പിച്ച് സ്കൂൾ സീഡ് ക്ലബ്ബായ ഗ്രീഷ്മത്തിന്റ ഉദ്ഘാടനം നടത്തുകയുണ്ടായി. തുടർന്ന് അധ്യാപകരും കുട്ടികളും പ്രകൃതിസംരക്ഷണ പദ്ധതിയിൽ പങ്കാളികളാകു മെന്ന് ഉറപ്പു നൽകി കൊണ്ട് ഇലയില്ലാ മരച്ചില്ലയിൽ കയ്യൊപ്പ് ഇല പതിപ്പിയ്ക്കുകയുണ്ടായി. ഈ ദിനത്തിൽ സീഡ് ക്ലബ്ബിന്റ നേതൃത്വത്തിൽ പരിസ്ഥിതി ദിനക്വിസ്,ചിത്രരചന മത്സരം, പരിസ്ഥിതി ദിന സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ചാർട്ടിന്റെ പ്രദർശനം തുടങ്ങിയവ നടത്തുകയുണ്ടായി.

## ബാലവേല വിരുദ്ധ ദിനം

സീഡ് ക്ലബ്ബിന്റെ നേതൃത്വ ത്തിൽ യു. പി. വിഭാഗം കുട്ടികൾ ബാലവേല വിരുദ്ധദിനത്തിൽ പ്ലക്കാർഡുകൾ തയ്യാറാക്കുകയും പ്രദർശിപ്പിക്കുകയും ചെയ്തു. ബാലവേലയ്ക്കെതിരെ കുട്ടികളെ ബോധവൽക്കരിക്കുന്ന പ്രവർത്തനങ്ങൾക്ക് സീഡ് ക്ലബ് കോ-ഓർഡിനേറ്റർ സിനി പൊന്നപ്പൻ ടീച്ചർ നേതൃത്വം നൽകി.



## ചാരമംഗലം സ്കൂളിൽ കരനെൽകൃഷിക്ക് തുടക്കം



സീഡ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നെൽകൃഷിക്ക് തുടക്കമായി. നെൽകൃഷിക്ക് തുടക്കം കുറിച്ചത്'യുവകർഷകനും കർഷക അവാർഡ് ജേതാവുമായ ശ്രീ സുജിത്ത് സ്വാമി നികർത്തിൽ ആണ്.സ്കൂൾ ഓഫീസ് കെട്ടിടത്തിനു മുൻവശത്തായുള്ള പാടത്ത് ഉമ നെൽവിത്ത് വിതച്ചു കൊണ്ടാണ് കൃഷിക്ക് തുടക്കം കുറിച്ചത്. സ്കൂളിലെ അധ്യാപകർ , സീഡ്' ക്ലബ്ബിലെ കുട്ടികൾ എന്നിവർ ഈ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## തുള്ളൽ കലാകാരനെ ആദരിച്ച് സീഡ് ക്ലബ് അംഗങ്ങൾ



മാനവരാശി സഹസ്രാബ്ദങ്ങൾകൊണ്ട് അനുഭവങ്ങളിലൂടെ നേടിയ അറിവുകളും ശേഷിപ്പുകളും സംരക്ഷിക്കുകയും അത് പുതുതലമുറയ്ക്കായികാത്തു സൂക്ഷിക്കേണ്ട ഉത്തരവാദിത്വവും കടമയും ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നതിന് വേണ്ടി ലോക നാട്ടറിവ് ദിനത്തിൽ കലാരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ച ഓട്ടൻതുള്ളൽ കലാകാരനായ ശ്രീ മരത്തോർവട്ടം കണ്ണനെ ഗവ. ഡി.വി. എച്ച് എസ്.എസ്. ചാരമംഗലം സ്കൂളിലെ സീഡ്ക്ലബ്ബ് അംഗങ്ങൾ അദ്ദേഹത്തിന്റെ വസതിയിൽ എത്തി ആദരിച്ചു.

# NSS

## ഞാനല്ല, നിങ്ങൾ' : ഡിവിഎച്ച്എസ്എസ് ചാരമംഗലം എൻ.എസ്.എസ്. മാതൃകയാവുന്നു


ചാരമംഗലം: "നമ്മളല്ല, നിങ്ങൾ" (Not Me But You) എന്ന മഹത്തായ ആപ്തവാക്യം മുറുകെ പിടിച്ച്, ഡിവിഎച്ച്എസ്എസ് ചാരമംഗലം സ്കൂളിലെ നാഷണൽ സർവീസ് സ്കീം (എൻ.എസ്.എസ്.) യൂണിറ്റ്വിദ്യാർത്ഥികൾസമൂഹത്തിന്വെളിച്ചമായി മാറുന്നു. വിദ്യാർത്ഥികളിൽ സാമൂഹിക പ്രതിബദ്ധതയും സേവന മനോഭാവവും വളർത്തുക എന്ന ലക്ഷ്യത്തോടെ നിരവധി പ്രവർത്തനങ്ങളാണ് ഈ വർഷം പൂർത്തിയാക്കിയത്.

### ജീവിതശൈലി രോഗ ക്യാമ്പ്



പാഥെയം: കഞ്ഞിക്കുഴി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ രോഗികൾക്ക് സാമൂഹിക സേവന സംരംഭത്തിന്റെ ഭാഗമായി എൻഎസ്എസ് വളണ്ടിയർമാരുടെ നേതൃത്വത്തിൽ പായ്ക്ക് ചെയ്ത ഭക്ഷണം വിതരണം ചെയ്തു. പരിപാടി ഡോ. ഷാരോൺ ഉദ്ഘാടനം ചെയ്തു.

### ജൈവ പച്ചക്കറി തോട്ടം



### നേത്ര പരിശോധന ക്യാമ്പ്

2025 ഒക്ടോബർ 15ന് സ്കൂളിലെ എൻഎസ്എസ് യൂണിറ്റ്, ആലപ്പുഴയിലെ വണ്ടാനം മെഡിക്കൽ കോളേജുമായി സഹകരിച്ച് വിജയകരമായി ഒരു രക്തദാന ക്യാമ്പ് നടത്തി. പരിപാടി വൻ വിജയമായിരുന്നു, അതിൽ പ്രാദേശിക സമൂഹത്തിൽ നിന്ന് ആവേശകരമായ പങ്കാളിത്തം ഉണ്ടായിരുന്നു. ഞങ്ങളുടെ സ്റ്റാഫ് അംഗങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, ഞങ്ങളുടെ ഗ്രാമത്തിലെ അംഗങ്ങൾ എന്നിവരുടെ കൂട്ടായ പരിശ്രമത്തിന് നന്ദി. ദാതാക്കൾക്ക് സർട്ടിഫിക്കറ്റ് നൽകി. ഫെഡറൽ ബാങ്ക് ഉദാരമായി സ്പോൺസർ ചെയ്ത ലഘുഭക്ഷണങ്ങളും കീചെയിനുകളും നൽകി ദാതാക്കൾക്ക് ഞങ്ങൾ നന്ദി പറഞ്ഞു.



### പൊതുജന ആരോഗ്യ ബോധവത്കരണം



"ഞങ്ങളുടെ ദത്തെടുത്ത ഗ്രാമത്തിലെ വീടുകൾ സന്ദർശിച്ച്, മഴക്കാലത്ത് പടരുന്ന രോഗങ്ങളെക്കുറിച്ചും ആ സമയത്ത് ആരോഗ്യത്തോടെയിരിക്കാനുള്ള മാർഗങ്ങളെക്കുറിച്ചും ഞങ്ങളുടെ എൻഎസ്എസ് വളണ്ടിയർമാർ വിശദീകരിച്ചു."

### വർണ്ണോത്സവം : അംഗൻവാടി സന്ദർശനം



2025 ഒക്ടോബർ 23ന് എൻഎസ്എസ് വളണ്ടിയർമാർ അംഗൻവാടി സന്ദർശിക്കുകയും കുട്ടികളോടൊപ്പം സമയം ചെലവഴിക്കുകയും രസകരമായ ഒരു കളറിംഗ് മത്സരം നടത്തുകയും ചെയ്തു. മികച്ച മൂന്ന് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു, മറ്റുള്ളവർക്ക് അഭിനന്ദന സൂചകമായി ക്രയോണുകൾ, ബലൂണുകൾ, ചോക്ലേറ്റുകൾ എന്നിവ നൽകി.

### ജീവാമൃതം : മണ്ണിന്റെ ഗുണനിലവാര പരിശോധന



ഞങ്ങളുടെ ദത്തെടുത്ത ഗ്രാമത്തിലെ കിണറുകളിൽ നിന്ന് ഞങ്ങളുടെ എൻഎസ്എസ് വളണ്ടിയർമാർ ജലസാമ്പിളുകൾ ശേഖരിച്ച്, ഞങ്ങളുടെ രസതന്ത്ര അധ്യാപിക ശ്രീമതി ശിവയുടെ നേതൃത്വത്തിൽ രസതന്ത്ര ലാബിൽ പരിശോധിച്ചു. തുടർന്ന് പരിശോധനാ ഫലങ്ങൾ ഗ്രാമവാസികളുമായി പങ്കുവെച്ചു, ജലത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് അവരെ അറിയിക്കുകയും അത് ശുദ്ധീകരിക്കാനുള്ള വഴികൾ നിർദ്ദേശിക്കുകയും ചെയ്തു. ഗ്രാമത്തിൽ സുരക്ഷിതമായ കുടിവെള്ള രീതികളെക്കുറിച്ച് അവബോധം വളർത്താൻ ഈ സംരംഭം സഹായിച്ചു.

### ശിശുദിനാഘോഷം

കുഞ്ഞു ചാച്ചാജിമാർ ഉൾപ്പെട്ട ശിശുദിന റാലി കണ്ണിന് കുളിർമയേകുന്നതായിരുന്നു. റാലി കഴിഞ്ഞ് തിരികെ സ്കൂളിൽ എത്തിയ കുട്ടികൾക്ക് ലഡു വിതരണം ചെയ്തു.തുടർന്ന് സ്പെഷ്യൽ അസംബ്ലി ഉണ്ടായിരുന്നു.അധ്യാപകർ ശിശുദിനാശംസകളും ശിശുദിന സന്ദേശങ്ങളും നൽകി.



### കേരള പിറവി ആഘോഷം





സ്കൂൾ കെട്ടിട നിർമ്മാണവും പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ഉത്ഘാടനം

# SCOUTS AND GUIDES



'സദാ സന്നദ്ധർ': ഗവൺമെന്റ് ഡിവിഎച്ച്എസ്എസ് ചാരമംഗലം സ്കൗട്ട്സ് & ഗൈഡ്സ് സേവനത്തിലൂടെ വ്യക്തിത്വം തേച്ച് മിനുക്കി യുവ കേഡറ്റുകൾ

ചാരമംഗലം: 'സദാ സന്നദ്ധർ' (Be Prepared) എന്ന മുദ്രാവാക്യം അന്വർത്ഥമാക്കിക്കൊണ്ട് ഗവൺമെന്റ് ഡിവിഎച്ച്എസ്എസ് ചാരമംഗലം സ്കൂളിലെ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് യൂണിറ്റ് സാമൂഹ്യസേവന രംഗത്ത് സജീവമാകുന്നു. അച്ചടക്കം, നേതൃപാടവം, സഹായമനോഭാവം എന്നിവയിൽ ഊന്നിയുള്ള പ്രവർത്തനങ്ങളിലൂടെ സ്കൂളിലെ യുവ വിദ്യാർത്ഥികളെ ഉത്തമ പൗരന്മാരാക്കിമാറ്റാൻഈയൂണിറ്റ്സഹായിക്കുന്നു.



ഈ വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ:

**1.പൊതു സേവനവും ശുചീകരണ യജ്ഞവും:**

- **ശുചീകരണ യജ്ഞം:** അടുത്തിടെ സ്കൂളും പരിസരവും കേന്ദ്രീകരിച്ച് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് യൂണിറ്റ് നടത്തിയ ശുചീകരണ യജ്ഞം ശ്രദ്ധേയമായി. പരിസ്ഥിതി സൗഹൃദപരമായ രീതിയിൽ മാലിന്യം വേർതിരിച്ച് നീക്കം ചെയ്യാനുള്ള ബോധവൽക്കരണവും ഇതോടൊപ്പം നടന്നു.
- **സ്കൂൾ പരിപാടികൾക്ക് സഹായം:** സ്കൂളിൽ നടക്കുന്ന കായികമേളകൾ, കലാപരിപാടികൾ, പൊതുയോഗങ്ങൾ എന്നിവയിൽ സ്കൗട്ട്സ്, ഗൈഡ്സ് കേഡറ്റുകൾ വളണ്ടിയർമാരായി പ്രവർത്തിച്ച് അച്ചടക്കം ഉറപ്പുവരുത്തുന്നു.

**2. പരിശീലന ക്യാമ്പുകളും പഠനവും:**

- **പ്രഥമശുശ്രൂഷാ പരിശീലനം:** അത്യാഹിത ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്താനായി പ്രഥമശുശ്രൂഷാ രീതികളെക്കുറിച്ച് വിദഗ്ധരുടെ നേതൃത്വത്തിൽ കുട്ടികൾക്ക് പരിശീലനം നൽകി.
- **അഡ്വഞ്ചർ ക്യാമ്പ്:** സമീപത്തുള്ള സ്ഥലത്ത് നടന്ന ദ്വിദിന പരിശീലന ക്യാമ്പിൽ, വോളന്റിയർമാർ ട്രെക്കിംഗ്, ടെന്റ് നിർമ്മാണം, ദിശ മനസ്സിലാക്കൽ തുടങ്ങിയ പാഠങ്ങൾ പഠിച്ചു.
- **ബാഡ്ജ് പരീക്ഷകൾ:** വിവിധ സേവന മേഖലകളിലെ മികവിന് നൽകുന്ന നിശ്ചിത ബാഡ്ജുകൾ നേടുന്നതിനായി കുട്ടികൾ പരിശീലനം നേടുകയും പരീക്ഷകൾ എഴുതുകയും ചെയ്യുന്നു.

**3. അച്ചടക്കവും യൂണിഫോം പരേഡും:**

- കൃത്യമായ യൂണിഫോം പരിശീലനത്തിലൂടെയും പരേഡുകളിലൂടെയും കുട്ടികൾ മികച്ച ശാരീരിക ക്ഷമതയും മാനസിക അച്ചടക്കവും കൈവരിക്കുന്നു. ഇത് അവരുടെ വ്യക്തിഗത വളർച്ചയ്ക്ക് വലിയ മുതൽക്കൂട്ടാണ്.
- ഇക്കഴിഞ്ഞ സ്വാതന്ത്ര്യദിനാഘോഷ വേളയിൽ സ്കൂളിൽ നടന്ന പരേഡിൽ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് യൂണിറ്റിന്റെ അച്ചടക്കമുള്ള പ്രകടനം ഏറെ ശ്രദ്ധിക്കപ്പെട്ടു.

സ്കൗട്ട് മാസ്റ്ററായ ശ്രീമതി ഐശ്വര്യ സൂരജ്, ശ്രീമതി റെജിമോൾ എൻ ആർ ന്റെയും ഗൈഡ് ക്യാപ്റ്റനായ ശ്രീമതി സരിത ഡി യുടെയും മേൽനോട്ടത്തിലാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്. 60-ൽ അധികം വിദ്യാർത്ഥികൾ നിലവിൽ യൂണിറ്റിൽ അംഗങ്ങളാണ്. "മറ്റുള്ളവരെ സേവിക്കാനുള്ള മനോഭാവവും, കൃത്യനിഷ്ഠയും കുട്ടികൾക്ക് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് നൽകുന്നു. ഇത് സാമൂഹ്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ അത്യന്താപേക്ഷിതമാണ്."








# SPC

## മാതൃകാപരമായ സേവനവുമായി ഡിവിഎച്ച്എസ്എസ് ചാരമംഗലം സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ

### പൗരബോധവും നിയമബോധവും വളർത്തി യുവതലമുറ



ചാരമംഗലം: സമൂഹത്തിന് മുതൽക്കൂട്ടായി മാതൃകാപരമായ പ്രവർത്തനങ്ങളുമായി ഡിവി എച്ച്എസ്എസ് ചാരമംഗലം സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) യൂണിറ്റ്. നിയമത്തെ ബഹുമാനിക്കാനും, പൗരബോധത്തോടെ പെരുമാറാനും, സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കാനും യുവതലമുറയെ പ്രാപ്തരാക്കുന്ന എസ്.പി.സി. പദ്ധതിയുടെ ഭാഗമായി നിരവധി പ്രവർത്തനങ്ങളാണ് ചാരമംഗലം സ്കൂളിലെ കേഡറ്റുകൾ നടത്തുന്നത്.

**പ്രധാന പ്രവർത്തനങ്ങൾ:**

- **പാസ്സിംഗ് ഔട്ട് പരേഡ്:** അടുത്തിടെ സമാപിച്ച 2024-2025 വർഷത്തെ സീനിയർ കേഡറ്റുകളുടെ പാസ്സിംഗ് ഔട്ട് പരേഡിൽ ചാരമംഗലം ഡിവിഎച്ച്എസ്എസ്സിലെ കേഡറ്റുകൾ സജീവമായി പങ്കെടുത്തു. കർശനമായ പരിശീലനത്തിലൂടെ നേടിയ അച്ചടക്കവും കായികക്ഷമതയും പ്രകടമാക്കിയ ഈ പരേഡ്, അവരുടെ പരിശീലനത്തിന്റെ വിജയകരമായ പൂർത്തീകരണത്തെ അടയാളപ്പെടുത്തുന്നതായിരുന്നു.
- **അച്ചടക്കവും കായികക്ഷമതയും:** കൃത്യമായ ഔട്ട്ഡോർ പരിശീലനത്തിലൂടെയും പരേഡുകളിലൂടെയും കേഡറ്റുകൾ മികച്ച കായികക്ഷമതയും മാനസിക അച്ചടക്കവും നേടുന്നു. ഇത് അവരുടെ വ്യക്തിത്വ വികസനത്തിന് സഹായിക്കുന്നു.
- **നിയമ ബോധവൽക്കരണ ക്ലാസുകൾ:** ട്രാഫിക് നിയമങ്ങൾ, ഭരണഘടനാ തത്വങ്ങൾ, സാമൂഹിക നിയമങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഇൻഡോർ ക്ലാസുകളിലൂടെ വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നു.
- **1സാമൂഹ്യ സേവനം:** സ്കൂൾ പരിപാടികളിലും പൊതുപരിപാടികളിലും വളണ്ടിയർ സേവനം നൽകി എസ്.പി.സി. കേഡറ്റുകൾ ശ്രദ്ധേയരാകാറുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ പരിപാടികൾ തുടങ്ങിയ സാമൂഹിക വിഷയങ്ങളിലും ഇവർ സജീവമായി ഇടപെടുന്നു.
- **ഫീൽഡ് വിസിറ്റുകൾ:** പോലീസ് സ്റ്റേഷനുകൾ, നിയമ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള സന്ദർശനങ്ങൾ നിയമ നിർവ്വഹണത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കാൻ കേഡറ്റുകളെ സഹായിക്കുന്നു.

കേരള പോലീസിന്റെ ഈ സംയുക്ത പദ്ധതി വിദ്യാർത്ഥികളിൽ ഉത്തരവാദിത്തബോധമുള്ള പൗരന്മാരെ വാർത്തെടുക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. ഡിവിഎച്ച്എസ്എസ് ചാരമംഗലത്തെ എസ്.പി.സി. യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സ്കൂളിനും സമൂഹത്തിനും ഒരുപോലെ അഭിമാനകരമാണ്. നിലവിൽ 88 കേഡറ്റുകൾ യൂണിറ്റിൽ ഉണ്ട്. എസ്.പി.സി.യുടെ കമ്യൂണിറ്റി പോലീസ് ഓഫീസർ (സി.പി.ഒ.) റെനീഷ് എം എസും എ സിപി ഓ ശ്രീമതി രജനി പി യും ആണ്. "എസ്.പി.സി. കേഡറ്റുകൾ നിയമപാലന രംഗത്ത് ഭാവിയിൽ എത്തേണ്ട യുവത്വമാണ്. ഇവരുടെ സേവനം പൊതുപരിപാടികൾക്ക് വലിയ സഹായമാണ്."



## ത്രിദിന ഓണം ക്യാമ്പ് 2025



ഗവൺമെൻറ് ഡിവിഎച്ച്എസ്എസ്ചാരമംഗലം സ്കൂളിലെ ത്രിദിന ഓണം ക്യാമ്പ് 20 25 ഓഗസ്റ്റ് 27 28 29 തീയതികളിൽ നടന്നു. ബഹുമാനപ്പെട്ട മാരാരിക്കുളം സർക്കിൾ ഇൻസ്പെക്ടർ ശ്രീ എ വി ബിജു എസ്പിസിയുടെ പതാക ഉയർത്തൽ ചടങ്ങ് നിർവഹിച്ചു. എക്സൈസ് ഡിപ്പാർട്ട്മെന്റിലെ ശ്രീമതി ശ്രീജ ലഹരിയും കൗമാരവും എന്ന വിഷയത്തിൽ കുട്ടികൾക്ക് ക്ലാസ് എടുത്തു. രണ്ടാം ദിവസം യോഗ ക്ലാസ്, വ്യക്തിഗത മൂല്യങ്ങളെ പറ്റിയും സാമൂഹിക മൂല്യങ്ങളെ പറ്റിയുമുള്ള ക്ലാസെടുത്തു. തുടർന്ന് കേഡറ്റുകൾ ചേർത്തല ഫയർഫോഴ്സ് സ്റ്റേഷൻ സന്ദർശിച്ചു. ജലാശയത്തിൽ വീഴുന്ന ഒരാളെ എങ്ങനെയാണ് രക്ഷപ്പെടുത്തുന്നതെന്നും അഗ്നിശമന സേനയുടെ പ്രവർത്തനങ്ങളും മറ്റു വിവിധതരം ഉപകരണങ്ങളും അവയുടെ പ്രവർത്തനങ്ങളും ഫയർഫോഴ്സ് ഓഫീസേഴ്സ് വളരെ വിശദമായി കുട്ടികൾക്ക് പറഞ്ഞു കൊടുത്തു. ഫയർഫോഴ്സിന്റെ വണ്ടിയും അതിൽ പ്രവർത്തിക്കുന്ന പല ഉപകരണങ്ങളും കുട്ടികൾക്ക് പ്രവർത്തിപ്പിച്ച് കാണിച്ചുകൊടുത്തു. കൂടാതെ റോപ്പിൽ കൂടെയുള്ള നടത്തവും കുട്ടികൾക്ക് ഒരു പുതിയ അനുഭവം ആയിരുന്നു.

## ആധാർ അപ്ഡേഷൻ ക്യാമ്പ്

നമ്മുടെ സ്കൂളിലെ എസ് പി സി യൂണിറ്റിന്റെയും ലിറ്റിൽ കൈറ്റ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ , എച്ച് എസ് കമ്പ്യൂട്ടർ ലാബിൽ വെച്ച് ഭാരതീയ തപാൽ വകുപ്പുമായി ചേർന്ന് ഇതുവരെ ആധാർ എടുക്കാത്ത കുട്ടികൾക്കും അഞ്ചുവയസ്സില് ആധാർ അപ്ഡേറ്റ് ചെയ്യേണ്ട കുട്ടികൾക്കും സൗജന്യമായി ആധാർ ക്യാമ്പ് 2025 നവംബർ 14 ന് രാവിലെ 9:30 മുതൽ വൈകീട്ട് 4 മണി വരെ സംഘടിപ്പിച്ചു. ഈ സേവനം ,ഞങ്ങളുടെ സ്കൂളിലെ എൽകെജി ,യുകെജി എൽ പി ക്ലാസുകളിൽ പഠിക്കുന്ന 27 കുട്ടികൾ ഈ സൗകര്യം പ്രയോജനപ്പെടുത്തുകയുണ്ടായി. ലിറ്റിൽ കൈറ്റ്സ് 2024-27 ബാച്ചിലെ 8 പേർ ഇതിന് സഹായിച്ചു.




## സ്കൂൾ വായന ദിനാചരണം



ജൂലൈ 19. പി എൻ പണിക്കർ ചരമദിനം. സംസ്ഥാന വായനാദിനം. സംസ്ഥാന വായനാ പക്ഷാചരണം സ്കൂൾ വായന ദിനാചരണം പ്രസിദ്ധ തിരക്കഥാകൃത്തും കഥാപ്രസംഗികനുമായ മുതുകുളം സോമനാഥ് ഉദ്ഘാടനം ചെയ്തു. വായനാദിനത്തോട് അനുബന്ധിച്ച് ചാരമംഗലം ഗവ. ഡി.വി ഹയർ സെക്കൻഡറി സ്കൂളിലെ 8, 9 ക്ലാസുകളിലെ 36 വിദ്യാർത്ഥികൾ തൊട്ടടുത്ത പുത്തനമ്പലത്ത് പ്രവർത്തിക്കുന്ന കേശവഗുരു ഗ്രന്ഥശാല സന്ദർശിക്കുകയുണ്ടായി.









## ഭക്ഷ്യമേള





പോഷൻ അഭിയാന്റെ ഭാഗമായി 25.7.2005 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് എൽ പി, യു. പി. വിഭാഗത്തിന്റെ ഭക്ഷ്യമേള സംഘടിപ്പിച്ചു. പോഷക സമ്പുഷ്ടവും സ്വാദേറിയതുമായ വിവിധ വിഭവങ്ങൾ ഭക്ഷ്യമേളയിൽ സ്ഥാനം പിടിച്ചു. റാഗി പോലുള്ള ചെറു ധാന്യങ്ങൾ കൊണ്ടുള്ള വിഭവങ്ങളും വിവിധതരം ഇലകൾ കൊണ്ടുള്ള വിഭവങ്ങളും കുട്ടികൾ തയ്യാറാക്കി കൊണ്ടുവന്നിരുന്നു. രക്ഷിതാക്കളുടെ പൂർണ്ണപങ്കാളിത്തം ഉണ്ടായിരുന്നു. മറ്റ് വിഭാഗങ്ങളിലെ കുട്ടികൾക്കും അധ്യാപകർക്കും കാണുവാനും രുചി അറിയാനുമുള്ള അവസരം ഒരുക്കിയിരുന്നു.

## ചാന്ദ്രദിനാചരണം



ജൂലൈ 21ന് രാവിലെ ചാന്ദ്രദിനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ അസംബ്ലി ഉണ്ടായിരുന്നു. ബഹിരാകാശ യാത്രക്കാരായി വേഷമണിഞ്ഞ മുതിർന്ന കുട്ടികൾ കൊച്ചു കുട്ടികളുടെ അസംബ്ലിയിൽ വരികയുണ്ടായി. കുട്ടികൾ കൊണ്ടുവന്ന ചന്ദ്രന്റെ മുഖം മൂടിയും റോക്കറ്റിന്റെ മോഡലുകളും ആകർഷകമായിരുന്നു. അമ്പിളി മാമനെ കുറിച്ചുള്ള പാട്ടുകളും കുട്ടികൾഅവതരിപ്പിച്ചു.ചാന്ദ്രദിനത്തോടനുബന്ധിച്ച് സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എച്ച് എസ് - യു പി വിദ്യാർഥികൾക്കായി ഉച്ചക്ക് ഒുരു മണിക്ക് വീഡിയോ പ്രദർശനവും ക്വിസും സംഘടിപ്പിച്ചു.

## കിഡ്സ് ഫെസ്റ്റ്




2025 -26 അധ്യായന വർഷത്തെ പ്രൈമറി കുട്ടികളുടെ കിഡ്സ് ഫെസ്റ്റ് "നിലാവ് 2K 25" നവംബർ പതിമൂന്നാം തീയതി ഉച്ചയ്ക്ക് 1.30 മുതൽ നടത്തപ്പെടുകയുണ്ടായി.സാംസ്കാരിക സമ്മേളനത്തിന് വൈസ് പ്രസിഡൻറ് ശ്രീ കെ ആർ ബ്രി ജിത്ത് അധ്യക്ഷനായി, H Mപി ഐ മിനി ടീച്ചർ സമ്മേളനം ഉദ്ഘാടനം ചെയ്തു.തുടർന്ന് കുട്ടികളുടെ വിവിധ കലാ പരിപാടികളും സമ്മാനദാനവും നടന്നു.

## NCC

### പെൺകരുത്തിൽ എൻസിസി യൂണിറ്റ് ; രാജ്യസേവനത്തിന് സജ്ജരായി വിദ്യാർത്ഥിനികൾ

ചാരമംഗലം,: നാഷണൽ കേഡറ്റ് കോർപ്സിന്റെ (NCC) പെൺകുട്ടികളുടെ യൂണിറ്റ് (സീനിയർ വിംഗ്/ജൂനിയർ വിംഗ്) ഗവൺമെന്റ് ഡിവിഎച്ച്എസ്എസ് ചാരമംഗലത്ത് അച്ചടക്കത്തോടെ മുന്നേറുന്നു. സ്കൂളിലെ വിദ്യാർത്ഥിനികൾക്ക് സൈനിക ചിട്ടവട്ടങ്ങളും രാജ്യസേവനത്തിനുള്ള മനോഭാവവും പകർന്നുനൽകി, യൂണിറ്റ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നത്. പരിശീലനവും സാമൂഹ്യ സേവനവും നിലവിൽ 50 കേഡറ്റുകളാണ് യൂണിറ്റിൽ സജീവമായിട്ടുള്ളത്. എൻസിസി കെയർ ടേക്കർ ശ്രീമതി സൗമ്യ എം ന്റെ നേതൃത്വത്തിലാണ് പരിശീലനങ്ങൾ നടക്കുന്നത്. ഹൈസ്കൂളിലെ എല്ലാ അധ്യാപികമാരുടെയും സഹകരണം എൻസിസിക്ക് ഒരു മുതൽക്കൂട്ട് ആകുന്നുണ്ട്

•**പരിശീലനം**: അടിസ്ഥാന സൈനിക പരിശീലനം, ഡ്രിൽ, ആയുധങ്ങളെക്കുറിച്ചുള്ള പ്രാഥമിക അറിവ്, ഫിസിക്കൽ ഫിറ്റ്നസ് എന്നിവയിൽ കേഡറ്റുകൾക്ക് കൃത്യമായ പരിശീലനം ലഭിക്കുന്നുണ്ട്.



• **ക്യാമ്പുകൾ** : കഴിഞ്ഞ അധ്യയന വർഷം നടന്ന ക്യാമ്പുകളിൽ ചാരമംഗലം സ്കൂളിലെ കേഡറ്റുകൾ മികച്ച പ്രകടനം കാഴ്ചവെച്ചു.

• **സേവന പ്രവർത്തനങ്ങൾ** : പ്ലാസ്റ്റിക് മാലിന്യം ശേഖരണം, വൃക്ഷത്തൈ നടീൽ, ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ തുടങ്ങിയ സാമൂഹ്യ സേവന പ്രവർത്തനങ്ങളിലും ഈ യൂണിറ്റ് സജീവമാണ്.

## ധീര ജവാന് സ്മരണാഞ്ജലികൾ



2001 ഒക്ടോബർ 22ന് രക്ഷക് ഓപ്പറേഷനിൽ വീരമൃത്യു വരിച്ച ധീര ജവാൻ എൽ ടി അനൂപ് കുമാറിന് സ്മരണാഞ്ജലികൾ അർപ്പിക്കുന്നതിന് ഗവൺമെൻറ് ഡിവിഎച്ച്എസ്എസ് ചാരമംഗലം സ്കൂളിലെ എൻ സി സി കേഡറ്റുകൾ അദ്ദേഹത്തിന്റെവസതിയിൽ രാവിലെ എത്തിച്ചേർന്ന് അദ്ദേഹത്തിന്റെകുടുംബാംഗങ്ങളോടൊപ്പം ഈ ചടങ്ങിൽ പങ്കെടുത്തു.

## കസ്റ്റംസ് കേഡറ്റ്കോർപ്സ്



ഗവൺമെൻറ് ഡിവി ഹയർസെക്കൻഡറി സ്കൂൾ ചാരമംഗലം ജില്ലയിലെ ഏക കസ്റ്റംസ് കേഡറ്റ് യൂണിറ്റ് ആയ ചാരമംഗലം ഗവൺമെന്റ് ഡി.വി ഹയർ സെക്കൻഡറി സ്കൂളിലെ കസ്റ്റംസ് കേഡറ്റുകളുടെ പാസിംഗ് ഔട്ട് സെറിമണി 2024 ഓഗസ്റ്റ് 13 ന് കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണർ ശ്രീമതി കെ പത്മാവതിIRS ഉദ്ഘാടനം ചെയ്തു. കേഡറ്റുകൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും നടന്നു. നാഷണൽ അക്കാദമി ഓഫ് കസ്റ്റംസ്, Indirect ടാക്സ്, Narcotics അസിസ്റ്റൻറ് ഡയറക്ടർ ഡോ. സന്തോഷ് കുമാർ IRS , ഹെഡ്മിസ്ട്രസ്സ് ഇൻ ചാർജ് നിഷ എന്നിവർ ആശംസകൾ അർപ്പിച്ചു. സ്കൂൾ PTA പ്രസിഡൻറ് പി അക്ബർ അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പാൾ കെ രശ്മി സ്വാഗതം പറഞ്ഞു. CCC യൂണിറ്റ് കോഡിനേറ്റർ സെബാസ്റ്റ്യൻ ടി സി നന്ദി പറഞ്ഞു.

## വർണ്ണക്കൂടാരം പ്രീ-സ്കൂൾ വിദ്യാഭ്യാസം



അന്താരാഷ്ട്ര നിലവാരവും പ്രാദേശിക പ്രസക്തവുമായ പ്രീസ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് വർണ്ണക്കൂടാരം. 27/06/2023ൽ സ്റ്റാർസ് പദ്ധതി പ്രകാരം എസ് എസ് കെ ആലപ്പുഴGovt DVHSS ചാരമംഗലത്ത് അനുവദിച്ച പത്തുലക്ഷം രൂപാ ഇതിനായി ചെലവഴിച്ചു. പ്രീപ്രൈമറി കുട്ടികളുടെ വികാസ മേഖലകളിൽ കഴിവ് ഉറപ്പാക്കാൻ പര്യാപ്തമായ ആക്ടിവിറ്റി ഏരിയകൾ സജ്ജീകരിച്ചിരിക്കുന്നു.സ്കൂൾ കെട്ടിടത്തിന് പുറത്തും അനുഭവ ഇടങ്ങൾ രൂപപ്പെടുത്തുകയെന്നതാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.കുട്ടികളുടെ കലാപ്രകടനങ്ങൾക്കുള്ള ആവിഷ്കാരയിടം, കരകൗശലയിടം, ശാസ്ത്രനുഭവങ്ങൾക്കുള്ള ഇടം, വായനയ്ക്കും എഴുത്തിലേക്കും പ്രചോദിപ്പിക്കുന്ന ഭാഷാവികസന ഇടം, വർണയിടം , ഗണിതയിടം എന്നിങ്ങനെ വികാസമേഖലകൾക്കും പഞ്ചേന്ദ്രീയാനുഭവങ്ങൾക്കും പ്രാധാന്യം നൽകുന്ന രീതിയിൽ 13 പ്രവർത്തന ഇടങ്ങളാണ് വർണ്ണക്കൂടാരം

## ജൂനിയർ റെഡ് ക്രോസ്



കുട്ടി ഡോക്ടർ' സംവിധാനം ശ്രദ്ധേയം; സേവനം, ആരോഗ്യം, സൗഹൃദം ലക്ഷ്യമാക്കി ജെ.ആർ.സി. ചാരമംഗലം: 'ആരോഗ്യം, സേവനം, സൗഹൃദം' എന്ന മുദ്രാവാക്യം ജീവിതത്തിൽ പകർത്തി ഗവൺമെന്റ് ഡിവിഎച്ച്എസ്എസ് ചാരമംഗലം സ്കൂളിലെ ജൂനിയർ റെഡ് ക്രോസ് (JRC) യൂണിറ്റ് വിദ്യാർത്ഥികൾ സ്കൂളിനും സമൂഹത്തിനും തണലാകുന്നു. 'ഫസ്റ്റ് എയ്ഡ് കോർണർ കുട്ടി ഡോക്ടർ' ജെ.ആർ.സി.യുടെ ഈ വർഷത്തെ ഏറ്റവും ശ്രദ്ധേയമായ പദ്ധതിയാണ് സ്കൂളിൽ സ്ഥാപിച്ച 'ഫസ്റ്റ് എയ്ഡ് കോർണർ - കുട്ടി ഡോക്ടർ' സംവിധാനം







